**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **10-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ -പൊന്നാനി പുഴ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ -പൊന്നാനി പുഴ നിലവിൽ പാരിസ്ഥിതികവും മാനുഷിക ഇടപെടലും കാരണം അഭിമുഖീകരിക്കുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂർ പൊന്നാനി പുഴയിൽ സ്ഥിതി ചെയ്യുന്ന കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ അടച്ചിട്ടിരിക്കുമ്പോഴും കേടായ ഷട്ടറുകളിലൂടെയും ഏപ്രണുകളിലൂടെയും ഉപ്പുവെള്ളം റിസർവോയറിലേക്കും തിരിച്ചും കയറി ഇറങ്ങുന്നത് പരിഹരിക്കുന്നതിനും,അറ്റകുറ്റപണികൾക്കുമായി ഷട്ടറുകൾ മുഴുവനും മാറ്റിയിരിക്കുന്നതിനാൽ ഉപ്പുവെള്ളം പുഴയിലൂടെ മുകളിലേക്കും തിരിച്ചും ഒഴുകുന്ന അവസ്ഥയുണ്ട്. പൂർണമായും ആയത് പരിഹരിക്കുന്നതിന് ഇപ്പോഴുള്ള അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. National Green Tribunal കണ്ടെത്തിയ മലിനപ്പെട്ട പുഴകളിൽ ഒന്നാണ് തിരൂർ പുഴ. അതെ തുടർന്ന് തിരൂർ പുഴ മാലിന്യ മുക്തമാക്കുവാൻ വേണ്ടി ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് പ്രവർത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തിരൂർ താഴെപ്പാലത്ത് തിരൂർ പുഴയുടെ ഇടതുകരയിൽ വന്നുചേരുന്ന Old-Ponnani thodu-ലൂടെ വൻതോതിൽ മാലിന്യങ്ങൾ പുഴയിലേക്ക് എത്തി ചേരാറുണ്ടായിരുന്നു. എന്നാൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി തോടിന്റെ കര സംരക്ഷണ പ്രവർത്തിയും മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുകുന്നത് തടയുന്നതിന് തോടിന് കുറുകെ Steel grating-ഉം സ്ഥാപിച്ചിട്ടുണ്ട്. ഇത് വഴി തിരൂർപൊന്നാനി പുഴയിലേക്ക് എത്തിച്ചേരുന്ന മാലിന്യങ്ങൾ തടയാൻ സാധിച്ചിട്ടുണ്ട്. തിരൂർ പൊന്നാനി പുഴയിലേക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബോധവൽക്കരണ മുന്നറിയിപ്പ് ബോർഡുകൾ പുഴയുടെ കരകളിലും സമീപ സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തിരൂർ-പൊന്നാനി പുഴ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിലെ കൂട്ടായി RCB-യുടെ അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്തു വരുന്നു. കൂടാതെ തിരൂർ പൊന്നാനി പുഴയിലെ തയ്യാറാക്കിയ തീര സംരക്ഷണ പ്രവൃത്തികൾക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുബന്ധമായി ചേർക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പുഴയിൽ മുൻകാലങ്ങളിൽ നടന്നുവന്നിരുന്ന ജലഗതാഗതം അവസാനിച്ചത് എന്നാണെന്നും ആയതിന് കാരണമെന്തെന്നും അറിയിക്കാമോ; | (സി) | തിരൂർ പൊന്നാനി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലഗതാഗതം ത്വരിതപ്പെടുത്തുന്നതിനും പുഴയുടെ ഇരു കരകളെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സൗകര്യപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ജലസേചന സൗകര്യവും കുടിവെള്ള ലഭ്യതയും ഉറപ്പ് വരുത്തുന്നതിനും കൂടിയുള്ള വിവിധോദ്ദേശ്യ പദ്ധതിയായിട്ടാണ് കൂട്ടായിക്കടവിൽ കൂട്ടായി RCB **1979-**ൽ പ്രവൃത്തി ആരംഭിച്ചത് ജലഗതാഗതത്തിന് വേണ്ടി ലോക്ക് സംവിധാനം ഉൾപ്പെടെയുള്ള പദ്ധതി പിന്നീട് ഫണ്ടിന്റെ ലഭ്യത കുറവ് കാരണം പല തവണ മാറ്റങ്ങൾ വരുത്തി RCB മാത്രമായി പൂർത്തീകരിക്കുകയാണുണ്ടായത്. ആയതിനാൽ ജലഗതാഗതം തുടരാൻ സാധിച്ചിരുന്നില്ല. |
| (ഡി) | പൊന്നാനി പുഴയിൽ ജലഗതാഗതം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | കോവളം മുതൽ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ തിരൂർ പൊന്നാനി പുഴയിൽ ഉപ്പുവെള്ളം തടയുന്നതോടുകൂടി ജലഗതാഗതം സാധ്യമാക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന് സമീപം കൂട്ടായി ലോക്ക് കം ബ്രിഡ്ജിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണോൽഘാടനം 25.02.2025ന് നിർവ്വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് ID | തുക (ലക്ഷം) |
|---|---|---|---|
| 1 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ പുത്തൻവീട് തോട് മുതൽ പുറത്തൂർ ബോട്ട് ജെട്ടി വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_2_1 | 98.40 |
| 2 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ പുറത്തൂർ ബോട്ട് ജെട്ടി മുതൽ പുളിക്കൽ പുഴയോരം റോഡ് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_3_7 | 67.10 |
| 3 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ അമ്മോത്ത്പടന്ന മുതൽ മുക്കാടിപറമ്പ് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_6_5 | 98.40 |
| 4 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ മുക്കാടിപറമ്പ് മുതൽ മുള്ളൻ വളപ്പ് മസ്ജിദ് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_11_8 | 93.10 |
| 5 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ മുള്ളൻ വളപ്പ് മസ്ജിദ് മുതൽ നായർ തോട് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_10_4 | 98.40 |
| 6 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ നായർതോട് മുതൽ എടക്കനാട് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_7_3 | 98.40 |
| 7 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ എടക്കനാട് മുതൽ ഭ്രാന്തൻകടവ് വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_5_6 | 98.40 |
| 8 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ ഭ്രാന്തൻകടവ് മുതൽ മുട്ടന്നൂർ ക്ഷേത്രം വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_4_2 | 98.40 |
| 9 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ മുട്ടന്നൂർ ക്ഷേത്രം മുതൽ മുഖചിറ വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | IRR/IA/EST/2218/2022_5_8_10 | 98.40 |
| 10 | മംഗലം ഗ്രാമപഞ്ചായത്തിലെ തിരൂർ പൊന്നാനി പുഴയുടെ മുഖചിറ മുതൽ | IRR/IA/EST/2218/2022_5_9_9 | 98.40 |

| | | | |
|---|---|---|---|
| | പെരുന്തിരുത്തി വരെ ഇടതുകര സംരക്ഷണ പ്രവൃത്തി | | |
| 11 | മംഗലം ഗ്രാമ പഞ്ചായത്തിൽ തിരുത്തുമ്മൽ ബണ്ട് റോഡിന് വടക്ക് ഭാഗത്ത് 165 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയുടെ കര കെട്ടി സംരക്ഷണ പ്രവൃത്തി | IRR/IA/EST/6140/2022_5_1_1 | 26.20 |
| 12 | മംഗലം ഗ്രാമ പഞ്ചായത്തിൽ തിരുത്തുമ്മൽ ബണ്ട് റോഡിന് തെക്ക് ഭാഗത്ത് 250 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയുടെ കര കെട്ടി സംരക്ഷണ പ്രവൃത്തി | IRR/IA/EST/6140/2022_5_3_2 | 36.00 |
| 13 | മംഗലം ഗ്രാമ പഞ്ചായത്തിൽ തിരുത്തുമ്മൽ ബണ്ട് റോഡിന് വടക്ക് ഭാഗത്ത് 200 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയുടെ ഇടതുകര കെട്ടി സംരക്ഷണ പ്രവൃത്തി | IRR/IA/EST/6140/2022_5_2_1 | 31.70 |
| 14 | വെട്ടം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ തിരൂർ -പൊന്നാനി പുഴയിൽ ശാന്തി സ്കൂളിന് സമീപം തിരൂർ പുഴയുടെ വലതുകര സംരക്ഷണം | IRR/IA/EST/3999/2022_5_3_2 | 7.30 |
| 15 | തിരൂർ നഗരസഭയിൽ തിരൂർ - പൊന്നാനി പുഴയിൽ ഏഴൂർ പാലത്തിന് മുകൾ ഭാഗത്തായി തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണം | IRR/IA/EST/1122/2022_5_1_1 | 35.90 |
| 16 | തിരൂർ നഗരസഭയിൽ 36-ാം വാർഡിലെ അന്നാരയിൽ തിരൂർ പുഴയുടെ ഇടതുകര സംരക്ഷണം | IRR/IA/EST/3999/2022_5_2_1 | 12.36 |
| 17 | തിരൂർ നഗരസഭയിൽ 36-ാം വാർഡിലെ അന്നാരയിൽ കീഴേടത്ത് വീടിന് സമീപം തിരൂർ പുഴയുടെ ഇടതുകര സംരക്ഷണം | IRR/IA/EST/3999/2022_5_4_3 | 10.70 |
| 18 | തലക്കാട് ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡിലെ തിരൂർ പുഴയുടെ ഇടതുകര സംരക്ഷണം. | IRR/IA/EST/3999/2022_5_5_4 | 32.10 |
| 19 | തിരൂർ നഗരസഭയിലെ വാർഡ് നമ്പർ: 2 ൽ എം.ഇ.എസ് സ്കൂൾ ഗ്രൗണ്ടിന് സമീപം താഴെപ്പാലത്തിന് താഴെയുള്ള തിരൂർ പുഴയുടെ വലത് കര സംരക്ഷണം. | IRR/IA/EST/3999/2022_5_6_5 | 91.20 |

**സെക്ഷൻ ഓഫീസർ**